# വീഡിയോ കോൺഫെറെൻസിങ് വാദവും നിങ്ങളും

### എന്താണ് വീഡിയോ കോൺഫെറെൻസിങ് അഥവാ ‘വീസി ’ വാദം?

വീഡിയോ കോൺഫെറെൻസിങ് എന്നാൽ ജയിൽ പരിസരത്തുനിന്ന് തന്നെ വാദത്തിൽ പങ്കെടുക്കാൻ നിങ്ങളെ സഹായിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ്.

### എവിടെയാണ് ‘ വീസി ’ വാദം നടക്കുന്നത്?

വി സി വാദം നടക്കുന്നത് ജയിലിനകത്ത് സജ്ജമാക്കുന്ന വീസി മുറിയിലാണ്. സാധാരണഗതിയിൽ ഒരു വിസി മുറിയിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ടിവി പോലെയുള്ള ഒരു സ്ക്രീൻ, ക്യാമറ, മൈക്രോഫോൺ, സ്പീക്കറുകൾ എന്നിവ സജ്ജീകരിച്ചിരിക്കും. ഇതേ തരത്തിലുള്ള ഒരു വീസി സംവിധാനം കോടതി മുറിയിലും സജ്ജീകരിച്ചിരിക്കും.

### എങ്ങനെയാണു നിങ്ങൾ കോടതി മുമ്പാകെ ഹാജരാകുക?

ദൃശ്യങ്ങളും ശ്രവ്യശകലങ്ങളും ജയിലിൽ സജ്ജീകരിച്ചിട്ടുള്ള കമ്പ്യൂട്ടർ അല്ലെങ്കിൽ ടിവി പോലെയുള്ള ഒരു സ്ക്രീൻ എന്നിവയുമായി ബന്ധിച്ച ക്യാമറ, മൈക്രോഫോൺ എന്നിവയിലൂടെ പങ്കുവെക്കുകവഴിയാണ് നിങ്ങൾക്ക് കോടതി മുമ്പാകെ ഹാജരാകാനാവുക.

### വീസി വാദത്തിൽ നിങ്ങളുടെ അഭിഭാഷകനും പങ്കെടുക്കുമോ?

തീർച്ചയായും. വീസി വാദം നടക്കുമ്പോൾ നിങ്ങളുടെ അഭിഭാഷകൻ നിർബന്ധമായും കോടതിയിൽ ഹാജരാക്കേണ്ടതാണ്.



### എന്തൊക്കെയാണ് വീസി വാദത്തിന് മുൻപേയുള്ള നടപടിക്രമങ്ങൾ?

- ജയിൽ അധികൃതർ നിങ്ങളെ ബന്ധപ്പെട്ട ജഡ്ജി നിശ്ചയിക്കുന്ന ദിവസവും സമയവും അനുസരിച്ചു വിസി വാദത്തിന് ഹാജരാകേണ്ടതാണെന്നു അറിയിക്കുന്നതാണ്.
- വീസി കോടതി വാദത്തിനു മുമ്പേ ക്യാമറ ഘടിപ്പിച്ചിട്ടുള്ള കമ്പ്യൂട്ടർ അല്ലെങ്കിൽ ടിവി പോലെയുള്ള സ്ക്രീനിനു മുന്നിൽ നിങ്ങളോടു ഇരിക്കാനോ നിൽക്കാനോ ആവശ്യപ്പെടുന്നതാണ്.
- നിങ്ങൾക്ക് വാദം സ്ക്രീനിൽ കാണുന്നതിലോ കേൾക്കുന്നതിലോ ബുദ്ധിമുട്ടുണ്ടെങ്കിൽ വീസി മുറിയുടെ ചുമതലയുള്ള ജയിൽ അധികാരിയുടെ സഹായം തേടുക.
- കോടതി വാദത്തിലെ ഏതെങ്കിലും പ്രസക്ത ഭാഗം മനസ്സിലാക്കുന്നതിനും എന്തെങ്കിലും നിർദേശം കൈമാറുന്നതിനും ടെലിഫോൺ വഴിയോ നിങ്ങളുടെ കുടുംബാംഗങ്ങൾ വഴിയോ (ജയിലിൽ ഇത്തരം സൗകര്യമുണ്ടെങ്കിൽ) അല്ലെങ്കിൽ അനുവദനീയമായ മറ്റേതെങ്കിലും വഴിയോ നിങ്ങളുടെ അഭിഭാഷകനുമായി ആശയവിനിമയം നടത്താൻ ശ്രമിക്കേണ്ടതാണ്.

### നിങ്ങൾക്ക് കോടതിയിൽ നേരിട്ടുള്ള വാദത്തിന് ഹാജരാകാൻ അഭ്യർത്ഥിക്കാമോ?

തീർച്ചയായും. വാദത്തിനായി കോടതിയിൽ നേരിട്ട് ഹാജരാകുന്നതിനുള്ള കാരണം ബോധിപ്പിച്ചുകൊണ്ട് നിങ്ങളുടെ അഭിഭാഷകൻ മുഖേനയോ ജയിലിലെ ലീഗൽ എയ്ഡ് ക്ലിനിക് മുഖേനയോ നിങ്ങളക്ക് അപേക്ഷ നൽകാവുന്നതാണ്. വിസി കോടതി വാദം മുഖേനയുള്ള വിധി നിങ്ങളക്ക് എതിരാകുന്നതും നേരിട്ടുള്ള വാദത്തിനു വേണ്ടിയുള്ള അപേക്ഷക്ക് കാരണമാകാം. നിങ്ങളുടെ അപേക്ഷ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാൻ ജഡ്ജി തീരുമാനിക്കുന്നതാണ്.

### വീസി വാദത്തെ കുറിച്ചു നിങ്ങള്ക്ക് പരാതിയോ നിർദേശമോ ഉണ്ടെങ്കിൽ നിങ്ങൾക്ക്  ആരെയാണ് സമീപിക്കാവുന്നത്?

വിസി വാദത്തെ കുറിച്ചു നിങ്ങൾക്ക് പരാതിയോ നിർദേശമോ സമർപ്പിക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട്. നിങ്ങളുടെ കേസ് പരിഗണിക്കുന്ന കോടതി മുൻപാകെ താഴെ പറയുംവിധം നിങ്ങൾക്ക് പരാതി/നിർദേശങ്ങൾ സമർപ്പിക്കാവുന്നതാണ്:

- നിങ്ങളുടെ അഭിഭാഷകൻ മുഖേന, അല്ലെങ്കിൽ
- ജയിലിലെ ലീഗൽ ലീഗൽ എയ്ഡ് ക്ലിനിക്, അല്ലെങ്കിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി മുഖേന, അല്ലെങ്കിൽ,
- ജയിൽ അധികൃതർ, അല്ലെങ്കിൽ,
- നിങ്ങളുടെ കുടുംബ സുഹൃത്തുക്കൾ
- നിങ്ങളുടെ അപേക്ഷ/നിർദേശം നൽകാനുള്ള അനുമതി അഭ്യർത്ഥിച്ചുകൊണ്ട് വാദം നടക്കുമ്പോൾ നേരിട്ട് കോടതിയിൽ സമർപ്പിക്കാം.



### വീസി വാദം നടക്കുമ്പോൾ നിങ്ങൾക്ക് ജഡ്ജിയുമായി സംസാരിക്കാൻ അനുമതി ലഭിക്കുമോ?

തീർച്ചയായും. വീസി വാദം നടക്കുമ്പോൾ നിങ്ങൾക്ക് അനുമതിയോടെ ജഡ്ജിയുമായി സംസാരിക്കുവാൻ അവകാശമുണ്ട്. നിങ്ങൾ ജഡ്ജിയുമായി ആശയവിനിമയം നടത്തേണ്ടത്:

- നിങ്ങൾക്ക് അഭിഭാഷക സേവനം ഇല്ലാതിരിക്കുകയും നിയമ സഹായ അഭിഭാഷകനെ നിയമിക്കാൻ ആഗ്രഹിക്കുകയുമാണെങ്കിൽ;
- നിങ്ങളുടെ അഭിഭാഷകനെ സ്ക്രീനിൽ കാണാതിരിക്കുകയും, സ്ക്രീനിൽ അഭിഭാഷകൻ/അഭിഭാഷക എന്നിവരുടെ സാന്നിധ്യം ആവശ്യമാണെങ്കിൽ;
- വാദത്തിൽ  അഭിഭാഷകൻ നിങ്ങളെ  തെറ്റായി പ്രതിനിധീകരിക്കുകയാണെങ്കിൽ;
- നിങ്ങൾക്ക്  അഭിഭാഷകനുമായി ആശയവിനിയമയം നടത്താൻ കഴിയാതിരിക്കുകയും വാദത്തിനിടെയോ അതിനു മുൻപോ അഭിഭാഷകനുമായി  എന്തങ്കിലും സ്വകാര്യമായി  ചർച്ചചെയ്യാനുണ്ടെങ്കിൽ;
- നിങ്ങൾക്ക്  കോടതിനടപടികൾ മനസ്സിലാകാതിരിക്കുകയാണെങ്കിൽ  അവയുടെ വിശദീകരണത്തിനും കോടതിയിൽ ഹാജരാക്കിയ രേഖകളുടെ പകർപ്പ് ആവശ്യപ്പെടാനും;
- ജയിലിൽ നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നമുാവുകയോ അല്ലെങ്കിൽ ജയിലിൽ ഏതെങ്കിലും വിധത്തിലുള്ള ഭീഷണിക്കോ ബലപ്രയോഗത്തിനോ വശംവദനാവുകയും ജഡ്ജിയുമായി എന്തെങ്കിലും സ്വകാര്യമായി ചർച്ചചെയ്യണമെങ്കിൽ;
- വേറെ ഏതെങ്കിലും ഒരു പ്രശ്നം ജഡ്ജിയുമായി ചർച്ചചെയ്യണമെങ്കിൽ.

**വീഡിയോ കോൺഫെറെൻസിങ് വഴിയുള്ള വാദത്തെകുറിച്ചു കൂടുതൽ സംശയങ്ങളോ ചോദ്യങ്ങളോ ഉങ്കിൽ നിങ്ങളുടെ അഭിഭാഷകനോടോ ലീഗൽ എയ്ഡ് അഭിഭാഷകൻ/ ജയിൽ ലീഗൽ എയ്ഡ് ക്ലിനിക്കിലുള്ള പാരാലീഗൽ സന്നദ്ധ സേവകൻ അല്ലെങ്കിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി പ്രതിനിധി എന്നിവരുമായി സംസാരിക്കുക.**

CHRI
Commonwealth Human Rights Initiative

3rd Floor, 55-A, Siddharth Chambers
Kalu Sarai, New Delhi 110 016
Tel: +91-11-4318-0200
Fax +91-11-4318-0217
info@humanrightsinitiative.org